(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര മെഡിക്കൽ സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013-ൽ 100-ഉം 2014-ൽ 150-ഉം എം.ബി.ബി.എസ്. സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2300 മെഡിക്കൽ സീറ്റുകളാണ് സ്വാശ്രയ മേഖലയിലുള്ളത്.

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജ്

81 (770) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തതുമൂലം പാഠ്യഭാഗങ്ങൾ സമയത്ത് പഠിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അദ്ധ്യാപകരെ നിയമിക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

	കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ്	കോഴിക്കോട് ഗവ. ഡെന്റൽ കോളേജ്
പ്രൊഫസർ	59	9
അസോസിയേറ്റ് പ്രൊഫസർ	68	7
അസിസ്റ്റന്റ് പ്രൊഫസർ	279	34
ലക്ചറർ	74	2
ട്യൂട്ടർ ടെക്നീഷ്യൻ	3	-

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപക തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly